**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 742** **14-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസസഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ സർക്കാർ നൽകിവരുന്ന വിദ്യാഭ്യാസ സഹായങ്ങൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകൾ വഴി നൽകി വരുന്ന വിദ്യാഭ്യാസ സഹായങ്ങൾ ചുവടെ ചേർക്കുന്നു. പട്ടികജാതി വികസന വകുപ്പ് 1. പ്രീ മെട്രിക് സ്കോളർഷിപ്പ് 2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് 4. 9, 10 ക്ലാസുകളിലെ പ്രീ മെട്രിക് സ്കോളർഷിപ്പ് (100% CSS) 5. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് 6. സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം 7. ലാപ്ടോപ് വാങ്ങൽ ധനസഹായം 8. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്) 9. ആരോഗ്യ ഹാനിയ്ക്കിടയാകുന്ന ശുചീകരണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് (100% CSS) 10. ശ്രീ. അയ്യങ്കാളി ടാലൻറ് സെർച്ച് സ്കോളർഷിപ്പ് 11. 10, 12 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടുന്നവർക്കും, മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്കും ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി 12. വിവിധ വാർഷികപരീക്ഷകളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനമായി ക്യാഷ് അവാർഡുകൾ 13. മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി 14. ബുക്ക് ബാങ്ക് സ്കീം (100% CSS) 15. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം 16. പഠന മുറി 17. ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്നവർക്കുള്ള പഠന സഹായം 18. നൃത്ത/സംഗീത വിദ്യാർത്ഥികൾക്ക് ആനുകൂല്യം 19. വിദേശ പഠന ധനസഹായം 20. ബി. ടെക് റെമഡിയൽ കോച്ചിംഗ് |

ഇവ കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കായി താഴെ പറയുന്ന സ്ഥാപനങ്ങൾ വകുപ്പിന്റെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്നു. 21. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ 22. പ്രീമെട്രിക് ഹോസ്റ്റലുകൾ 23. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ 24. ഐ.റ്റി.ഐ - കൾ 25. പ്രീ- എക്സാമിനേഷൻ ട്രെയിനിംഗ് സെൻറർ 26. Centre for Research and Education for Social Transformation 27. നഴ്സറികൾ 28. Institute for Civil Service Examination & Training Society 29. മെഡിക്കൽ കോളേജ് (പാലക്കാട്) 30. കമ്മ്യൂണിറ്റി കോളേജ്, പാലക്കാട് 31. Food craft Institute, Palakkad പട്ടികവർഗ വികസന വകുപ്പ് പട്ടികവർഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 20 എം.ആർ എസുകളിൽ വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, വസ്ത്രം തുടങ്ങിയവ സൗജന്യമായി നൽകുന്നു. വീടിനു സമീപം വിദ്യാഭ്യാസ സൗകര്യം ഇല്ലാത്തവർ, വീട്ടുകളിൽ പഠന സൗകര്യം ഇല്ലാത്തവർ എന്നിവർക്കായി പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നു. നഴ്സറി, സ്കൂൾ തലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവ നൽകി വരുന്നു. കൂടാതെ ചുവടെ ചേർക്കുംപ്രകാരമുള്ള ആനുകൂല്യങ്ങളും നൽകി വരുന്നു. 1. 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് 2. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് 3. അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് സ്കോളർഷിപ്പ് 4. ട്രൈബൽ സ്കൂളുകളിൽ ലോവർ പ്രൈമറി സ്കൂളുകളിൽ പഠനം നടത്തുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് യൂണിഫോമിനായി പ്രതിവർഷം 500/-രൂപ നൽകി വരുന്നുണ്ട്. 5. അക്കാദമിക് കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 6. 10-ാം തരം പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെടുന്ന 30 ആൺകുട്ടികളേയും 30 പെൺകുട്ടികളേയും ഇന്ത്യയിലെ ചരിത്ര പ്രധാന സ്ഥലങ്ങൾ സന്ദർശിക്കുവാൻ അവസരമൊരുക്കുന്ന ഭാരതദർശൻ പരിപാടി സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ പോസ്റ്റ്മെട്രിക് തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠന വിനോദ യാത്രക്ക് വേണ്ടിവരുന്ന സാമ്പത്തിക സഹായവും അനുവദിച്ച് വരുന്നു. 7. മെഡിക്കൽ/എഞ്ചിനിയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച 40,000/-രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികവർഗ

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി 5,000/-രൂപ അനുവദിച്ച് വരുന്നു. എൻട്രൻസ് പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനായി സൗജന്യ എൻട്രൻസ് പരീക്ഷാ പരിശീലനം നൽകിവരുന്നു. 8. വിദേശ പഠനധനസഹായം 9. ലാപ്ടോപ് വിതരണസഹായം |
| (ബി) | ഇതര മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന നിരക്കിൽ സ്റ്റൈപ്പൻഡ്, ലംപ്സം ഗ്രാന്റ് എന്നിവ എസ്.സി /എസ്.ടി വിഭാഗങ്ങളിലെ കുട്ടികൾക്കും നൽകുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ ഇതുയർത്തി നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ബി) | പ്രീമെട്രിക് തലത്തിൽ ഒ.ബി.സി വിഭാഗക്കാർക്ക് നൽകുന്ന ആനുകൂല്യത്തിന് സമാനമായി എസ്.സി/ എസ്.റ്റി വിഭാഗക്കാർക്കുള്ള ലംപ്സംഗ്രാന്റ് നിരക്ക് സ.ഉ (അച്ചടി) നം. 1/2020/പജപവവിവ, തീയതി. 09.01.2020 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ